കേരള സർക്കാർ

# ക്ഷീര വികസന വകുപ്പിൽ കാലിവളർത്തലിൽ പരിശീലനം ലഭിച്ച

**തൊഴിൽ രഹിതരായ**

**യുവാക്കളെ സംബന്ധിച്ചുള്ള**

# പഠനാവലോകനം

എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ്

കേരളം

ഡിസംബർ 1988

ശേഷി

മാനവ~~ശക്തി~~ പഠനം 64

# ക്ഷീരവികസന വകുപ്പിൽ കാലിവളർത്തലിൽ പരിശീലനം ലഭിച്ച തൊഴിൽ രഹിതരായ യുവജനങ്ങളെ സംബന്ധിച്ചുള്ള പഠനാവലോകനം

എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
കേരളം പ്രസിദ്ധപ്പെടുത്തുന്നത്
ഡിസംബർ 1988

# ആമുഖം

ധവള വിപ്ലവ പരിപാടികളുടെ ഭാഗമായി ക്ഷീരവികസനവകുപ്പ് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ വിവിധ തുറകളിലുള്ള ആളുകൾക്ക് കാലിവളർത്തലിൽ സ്വീകരിക്കേണ്ട ആധുനിക രീതികളിൽ പരിശീലനം നൽകുവാനായി, കോഴിക്കോട്ടും കോട്ടയത്തും ഓരോ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ കാലദൈർഘ്യമുള്ള പരിശീലനം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കുള്ളതാണ്. ക്ഷീരവികസനത്തിന് വളരെയധികം സഹായകമാകാവുന്ന ഈ പരിശീലന പരിപാടിയുടെ പ്രയോജനത്തെക്കുറിച്ച് പഠിക്കുന്നതിനും പരിശീലനം നേടിയവരുടെ കഴിവുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഈ പരിപാടിയ്ക്ക് ന്യൂനതകൾ വല്ലതുമുണ്ടെങ്കിൽ അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കാണുന്നതിനുമായി നടത്തിയ ഒരു പഠനാവലോകനമാണിത്.

ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടുകൂടി ഈ വകുപ്പിലെ മാനവശേഷി വിഭാഗമാണ് ഈ പഠനം നടത്തിയത്. ജോയിന്റ് ഡയറക്ടർ ശ്രീമതി.സി.സൈനബയുടെ മേൽനോട്ടത്തിൽ റിസർച്ച് ആഫീസർ ശ്രീ.ടി.ഒ.ജോൺസണാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

ഈ പഠനത്തിൽനിന്നും ലഭ്യമായിട്ടുള്ള വിവരങ്ങളും ഉരുത്തിരിഞ്ഞുവന്നിട്ടുള്ള നിർദ്ദേശങ്ങളും ആസൂത്രകർക്കും ഈ പരിശീലന പരിപാടിയുടെ പ്രയോക്താക്കൾക്കും ക്ഷീരവികസന വകുപ്പിന് പൊതുവെയും പ്രയോജനപ്പെടുമെന്ന് കരുതുന്നു.

തിരുവനന്തപുരം,
22.12.1988.

പി.എൻ.ശ്രീദേവിഅമ്മ
അഡീഷണൽ ഡയറക്ടർ ഇൻ-ചാർജ്

# <u>ക്ഷീരവികസന വകുപ്പിൽ പരിശീലനം ലഭിച്ച മാനവശക്തിയുടെ വിനിയോഗത്തെ സംബന്ധിച്ച് ഒരു പഠനം</u>

## <u>അവതാരിക</u>

നാടിന്റെ പുരോഗതി ജനങ്ങളുടെ ആരോഗ്യത്തിൽ അധിഷ്ഠിതമായിരിക്കുന്നു എന്ന സത്യം മനസിലാക്കി, ജനതയുടെ ആരോഗ്യസംരക്ഷണത്തിന് അനുപേക്ഷണീയമായ പാലിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് ഗ്രാമീണ സംഘടനയിൽ സ്ഥായിയായി നിലനിൽക്കുന്ന വ്യതിയാനങ്ങൾ വരുത്തി, നാട്ടിലെ തൊഴിലവസരം, ആവുംവിധം വർദ്ധിപ്പിച്ച് ഐശ്വര്യത്തിലേയ്ക്കും പുരോഗതിയിലേയ്ക്കും നാടിനെ നയിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ബൃഹത്തായ ഒരു ക്ഷീരോല്പാദന പരിപാടിക്ക്-ധവള വിപ്ലവത്തിന്-സർക്കാർ രൂപം നൽകി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വൈവിദ്ധ്യമാർന്ന ഈ പരിപാടിക്ക് പൊതുജന സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി ക്ഷീരോല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും ക്ഷീരോല്പാദനം ഒരു ജീവിതോപാധിയായി സ്വീകരിക്കാൻ ഉദ്ദേശമുള്ള അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ജനങ്ങൾക്കും പുൽകൃഷി, കന്നുകാലി വളർത്തൽ, ക്ഷീരോല്പാദനം, ക്ഷീരവിപണനം എന്നീ വിഷയങ്ങളിൽ ശാസ്ത്രീയവും പ്രായോഗികവുമായ പരിശീലനം നൽകുന്നതിന് ഒരു പരിപാടി ക്ഷീരവികസന വകുപ്പിൽ 1983 മുതൽ നടപ്പിൽവരുത്തിയിട്ടുണ്ട്. ഇതിനായി ഒരു പരിശീലനകേന്ദ്രം 1983 മുതൽ കോഴിക്കോട്ടും മറ്റൊന്ന് 1985 മുതൽ കോട്ടയത്തും പ്രവർത്തിച്ചുവരുന്നു.

ഈ കേന്ദ്രങ്ങളിൽനിന്നും പരിശീലനം നേടുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ടവരിൽ കൂടുതൽ പ്രത്യുല്പാദന ക്ഷമതയുള്ളവരെന്ന് കരുതുന്നത്, അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരെയാണ്. ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന പരിശീലനാനന്തരം ഇവർ കന്നുകാലി വളർത്തലിലും ക്ഷീരോല്പാദനത്തിലും തുടർന്ന് പ്രവർത്തിച്ച് പരിശീലന

പരിപാടിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോ എന്ന് ആരായേണ്ടത് ആവശ്യമാണ്. ഈ ഉദ്ദേശത്തോടുകൂടി ഈ വകുപ്പിലെ മാനവശേഷി പഠനവിഭാഗം നടത്തിയ പഠനത്തിന്റെ വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ കൊടുത്തിട്ടുള്ളത്.

പഠനം - അതിന്റെ ക്രമീകരണം

ഈ പരിശീലനത്തിന്റെ പ്രത്യേക സ്വഭാവം കണക്കിലെടുത്ത് കഴിവതും കൂടുതൽ പ്രയോജനകരമായ വിവരങ്ങൾ അനായാസമായി ശേഖരിക്കുന്നതിന് ഉപയുക്തമായ രീതിയിലാണ് ചോദ്യാവലി തയ്യാറാക്കിയിട്ടുള്ളത്. പരിശീലനകേന്ദ്രങ്ങളിലെ പ്രിൻസിപ്പൽ തുടങ്ങിയ ഉദ്യോഗസ്ഥരേയും ഓരോ കേന്ദ്രത്തിൽനിന്നും പരിശീലനം നേടിയ ഏതാനും വ്യക്തികളേയും കണ്ട് ചർച്ച ചെയ്തശേഷം രൂപപ്പെടുത്തിയ ചോദ്യാവലി കൾ പരിശീലനം നേടിയവർക്ക് അയച്ചുകൊടുത്ത് വിവരങ്ങൾ ശേഖരിക്കുകയാണുണ്ടായത്. പ്രസ്തുത ചോദ്യാവലിയുടെ മാതൃക അനുബന്ധത്തിൽ നൽകിയിരിക്കുന്നു.

ഈ ഓഫീസിൽനിന്നും നേരിട്ട് അയച്ചുകൊടുത്ത ചോദ്യാവലി ലഭിച്ച ഉടൻതന്നെ പലരും അവ പൂരിപ്പിച്ച് അയച്ചുതന്നു. എന്നാൽ ഏതാനും ചോദ്യാവലി മേൽവിലാസക്കാർ കൈപ്പറ്റാതെ തിരികെ ലഭിച്ചു. ആ വിവരം ബന്ധപ്പെട്ട പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാരെ അറിയിച്ച്, അവർ ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ മുഖേന ശേഖരിച്ച് പുതിയ മേൽവിലാസങ്ങളിൽ വീണ്ടും ചോദ്യാവലികൾ അയച്ചുകൊടുക്കുകയുണ്ടായി. അങ്ങനെ കഴിവതും കൂടുതൽ ചോദ്യാവലികൾ പൂരിപ്പിച്ച് തിരികെ ലഭിക്കുന്നതിന് സാദ്ധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയതിന്റെ ഫലമായി 68 ശതമാനം നേട്ടം കൈവരിക്കുവാൻ സാധിച്ചു. ഈ സംരംഭത്തിൽ ക്ഷീര വികസന വകുപ്പിന്റെയും പ്രത്യേകിച്ച് പരിശീലനകേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ലഭിച്ചിട്ടുണ്ടെന്നുള്ളത് എടുത്തുപറയാവുന്നതാണ്.

പഠനോദ്ദേശ്യങ്ങൾ

ഈ പഠനസംരംഭത്തിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. പരിശീലനം ലഭിച്ചവരുടെ കർമ്മശേഷി പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ?. ഇവരിൽ തൊഴിലിൽ വ്യാപൃതരായിരിക്കുന്നവർ എത്ര പേർ? സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എത്രപേർ?.

2. ഇപ്പോൾ ലഭ്യമായ പരിശീലനം, ക്ഷീരോല്പാദനം കൂടുതൽ ആദായകരമാക്കുന്നതിന് പ്രയോജനപ്പെടുന്നുണ്ടോ?

3. പരിശീലനം ലഭിച്ച എത്രപേർ ഈ തൊഴിൽ രംഗത്തുനിന്നും വിട്ടുപോയിട്ടുണ്ട്? അതുകൊണ്ട് ഉണ്ടായ നഷ്ടം എത്രത്തോളം ആകാം.

4. അങ്ങനെ വിട്ടുമാറിയതിനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

5. ഇപ്പോഴത്തെ പരിശീലന പരിപാടിക്ക് ന്യൂനതകൾ ഉണ്ടെങ്കിൽ അവ എന്തെല്ലാം?.

6. ഈ ന്യൂനതകൾ എങ്ങനെ പരിഹരിക്കാം?

7. പരിശീലനം ലഭിച്ചവർ വർദ്ധിത താല്പര്യത്തോടുകൂടി ഈ രംഗത്ത് തുടർന്ന് പ്രവർത്തിക്കുന്നതിന് എന്തു ചെയ്യണം?

രണ്ടു പരിശീലന കേന്ദ്രങ്ങളിൽനിന്നും പരിശീലനം നേടിയ എല്ലാവർക്കും ചോദ്യാവലി അയച്ചുകൊടുത്തു. സ്വയം താല്പര്യം തോന്നിയവർ മാത്രമാണ് അവ പൂരിപ്പിച്ച് തിരികെ അയച്ചുതന്നത്. ജോലികൾ സ്വീകരിച്ചും വിവാഹിതരായും മറ്റും താമസസ്ഥലം മാറിപ്പോയതുകാരണം ഏഴു പേർക്കയച്ച ചോദ്യാവലികൾ കൈപ്പറ്റാതെ തിരികെ വന്നു. ഓരോ പരിശീലന കേന്ദ്രത്തിലെയും പരിശീലകരുടെ പ്രതികരണനില താഴെ ചേർക്കുന്നു.

| പരിശീലന കേന്ദ്രം | പരിശീലനം ലഭിച്ചവർ | | | കൈപ്പറ്റാതെ തിരികെ ലഭിച്ച ചോദ്യാവലികൾ | പ്രതികരിക്കാത്തവർ | പൂരിപ്പിച്ച് തിരികെ ലഭിച്ച ചോദ്യാവലി | പ്രതികരിച്ചവരുടെ ശതമാനനിരക്ക് |
|---|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ | | | | |
| കോഴിക്കോട് | 143 | 98 | 241 | 7 | 79 | 155 | 64 |
| കോട്ടയം | 35 | 85 | 120 | .. | 29 | 91 | 76 |
| ആകെ | 178 | 183 | 361 | 7 | 108 | 246 | 68 |

മറ്റു പല രംഗങ്ങളിലും എന്നപോലെ ഈ രംഗത്തും പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ് പരിശീലനം നേടിയത്. 183 സ്ത്രീകളും 178 പുരുഷന്മാരും പരിശീലനം ലഭിച്ച 361 പേരിൽ 246 പേർ മാത്രമാണ് ചോദ്യാവലി പൂരിപ്പിച്ച് തിരികെ അയച്ചത്. ഇവരിൽ 116 പേർ പുരുഷന്മാരും 130 പേർ സ്ത്രീകളും ആയിരുന്നു. ഇവരുടെ പ്രായം, മതം, വിദ്യാഭ്യാസയോഗ്യത എന്നിവ കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| പ്രായ വിഭാഗം | പുരുഷൻ | സ്ത്രീ | മതം ജാതി | | | വിദ്യാഭ്യാസയോഗ്യത | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | പട്ടിക | പട്ടിക | മറ്റു | 10-ാം ക്ലാസ്സിനുതാഴെ | 10-ാം ക്ലാസ്സ് | പ്രീഡിഗ്രി | ഡിഗ്രി | ബിരുദാനന്തരം |
| 20ന് താഴെ | 5 | 5 | .. | .. | 10 | .. | 7 | 3 | .. | .. |
| 20-25 | 65 | 78 | 17 | 1 | 125 | 1 | 102 | 25 | 14 | 1 |
| 26-30 | 29 | 33 | 2 | .. | 60 | .. | 45 | 9 | 7 | 1 |
| 31-35 | 8 | 10 | .. | .. | 18 | 1 | 15 | 2 | .. | .. |
| 35ന് മീതെ | 9 | 4 | 1 | .. | 12 | .. | 12 | .. | 1 | .. |
| ആകെ | 116 | 130 | 20 | 1 | 225 | 2 | 181 | 39 | 22 | 2 |

വെള്ളക്കോളർ ഉദ്യോഗങ്ങൾക്കും അതുപോലെ ഉന്നത നിലവാരമുള്ളതെന്ന് കരുതുന്ന മറ്റ് തൊഴിലുകൾക്കുംവേണ്ടി ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരും ഇല്ലാത്തവരും ഒരുപോലെ ആകാംക്ഷയോടെ കാത്തിരിക്കുന്ന അവസ്ഥയാണ് ഇന്ന് രാജ്യത്തുള്ളത്. അഭ്യസ്തവിദ്യരായ സ്ത്രീകൾപോലും ഈ പരിശീലനം നേടാൻ സന്നദ്ധരാവുന്നതിൽനിന്നും അവർ ഏത് തൊഴിലും ചെയ്യാൻ തയ്യാറാണെന്ന് മനസിലാക്കാം. നമ്മുടെ രാജ്യത്ത് ഇന്ന് നിലനില്ക്കുന്ന രൂക്ഷമായ തൊഴിലില്ലായ്മയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്ന

ചോദ്യാവലി പൂരിപ്പിച്ച് അയച്ചുതന്ന 246 പേരിൽ പട്ടികജാതിയിൽപ്പെട്ട 20 പേരും പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാളുമാണ് ഉണ്ടായിരുന്നത്. ഈ പരിശീലന പരിപാടിയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ പങ്കാളിത്തം ഒൻപത് ശതമാനമെ ഉള്ളു എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

പരിശീലനം നേടിയവരുടെ വിദ്യാഭ്യാസ നിലവാരം വിശകലനം ചെയ്തപ്പോൾ 10-ാം ക്ലാസിനു താഴെ മാത്രം വിദ്യാഭ്യാസയോഗ്യതയുള്ളവരായി രണ്ടു പേർ മാത്രമാണുണ്ടായിരുന്നത്. എന്നാൽ 10-ാം ക്ലാസ് ജയിച്ച 181 പേരും പ്രീഡിഗ്രിക്കാരായ 39 പേരും ബിരുദമുള്ള 22 പേരും ബിരുദാനന്തരബിരുദമുള്ള 2 പേരും ഈ പരിശീലനം നേടിയിട്ടുണ്ട്. ബിരുദാനന്തരബിരുദമുള്ള ഈ രണ്ടു പേരിൽ ഒരാളുടെ പ്രായം 20-25 വിഭാഗത്തിലും മറ്റെ ആളുടേത് 26-30 വിഭാഗത്തിലും ആണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയേയും സമൂഹത്തിൽ തൊഴിലിനുവേണ്ടിയുള്ള തൃഷ്ണയേയുമാണ് ഈ സ്ഥിതിവിശേഷം വെളിപ്പെടുത്തുന്നത്. 20 മുതൽ 35 വരെയുള്ള പ്രായവിഭാഗത്തിലുള്ളവരാണ് പരിശീലനം നേടിയവരിൽ ഏറിയ പങ്കും. 20 വയസിനു താഴെയുള്ളവരിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിന് തുല്യമായിരിക്കുംപോൾ 35 വയസ്സിനു മേലുള്ള വിഭാഗത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിന്റെ പകുതിയിൽ താഴെ മാത്രമെ ഉള്ളു. ചോദ്യാവലി പൂരിപ്പിച്ച് അയച്ചുതന്ന 246 പേരിൽ 130 പേരും (53%) സ്ത്രീകളായിരുന്നു.

<u>പരിശീലനം നേടിയത് എന്തിനുവേണ്ടി</u>

വിവിധ ഉദ്ദേശ്യങ്ങളോടുകൂടിയാണ് ഈ യുവജനങ്ങൾ എല്ലാവരും പരിശീലനം നേടുന്നതിന് തയ്യാറായത്. കാലിവളർത്തലിന്റെ ശാസ്ത്രീയവശങ്ങളെ സംബന്ധിച്ച് വിശദമായി മനസ്സിലാക്കുക എന്നുള്ളതായിരുന്നു ഇവരിൽ 137 പേരുടെയും ഉദ്ദേശ്യം. ക്ഷീരവികസന വകുപ്പിൽ എന്തെങ്കിലും ജോലി ലഭിക്കുന്നതിനോ അല്ലെങ്കിൽ സ്വന്തമായി ഈ ജോലി ചെയ്ത് ജീവിക്കുന്നതിനോ പ്രയോജനപ്പെടുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് 70 പേർ ഈ പരിശീലനത്തിന് ചേർന്നത്. മറ്റൊരു തൊഴിലും ഇല്ലാത്തതുകൊണ്ട് ഈ പരിശീലനത്തിന് ഒരു അവസരം ലഭിച്ചപ്പോൾ അത് പ്രയോജനപ്പെടുത്തുകയാണ് 37 പേർ ചെയ്തത്. മെച്ചപ്പെട്ട മറ്റെന്തെങ്കിലും പഠനത്തിനോ തൊഴിലിനോ പോകുവാൻ തക്ക സാമ്പത്തികശേഷി ഇല്ലാത്തതുകൊണ്ടാണ് രണ്ടുപേർ ഈ പരിശീലനം നേടുവാൻ തയ്യാറായത്.

<u>പരിശീലനം നേടിയവരുടെ തൊഴിലാഭിമുഖ്യം</u>

പരിശീലനോദ്ദേശ്യം എന്തായിരുന്നാലും അവരിൽ 180 പേർ മാത്രമെ (എഴുപത്തിമൂന്നു ശതമാനം) കാലിവളർത്തൽ ഒരു തൊഴിലായി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നുള്ളു. ബാക്കിവരുന്ന ഇരുപത്തേഴു ശതമാനം പേർ ഈ തൊഴിൽ സ്വീകരിക്കുവാൻ ആഗ്രഹിക്കാത്തവരാണ്. ഇവർക്ക് നൽകിയ പരിശീലനം പ്രയോജനരഹിതമായെന്നാണ് അനുമാനിക്കേണ്ടത്. തന്മൂലം ഈ പരിശീലനത്തിന്റെ ആകെ മുതൽ മുടക്കിൽ - അത് സാമ്പത്തികമായിരുന്നാലും സാങ്കേതികമായിരുന്നാലും നാലിലൊരു ഭാഗം പ്രയോജനരഹിതമായി. കാലിവളർത്തൽ ജീവിതപശ്ചാത്തലമായുള്ളവരിൽനിന്നും ആ തൊഴിൽ ഒരു ജീവിതോപാധിയാക്കിത്തീർക്കണമെന്ന് ആഗ്രഹമുള്ളവരെ കണ്ടെത്തി. അവരെമാത്രം ഈ പരിശീലനത്തിന് നിയോഗിച്ചിരുന്നുവെങ്കിൽ മേല്പറഞ്ഞ ദുർവ്യയം ഒഴിവാക്കുവാനും ഈ

പരിശീലനം കുറേക്കൂടി ഫലപ്രദമാക്കുവാനും സാധിക്കുമായിരുന്നു. പരിശീലനം നേടിയ 246 പേരിൽ 181 പേരുടെ കുടുംബങ്ങളിൽ മാത്രമാണ് കാലിവളർത്തൽ ഉണ്ടായിരുന്നത്. ബാക്കിയുള്ള 65 പേർ (ഇരുപത്തി ആറ് ശതമാനം) കന്നുകാലി വളർത്തലുമായി യാതൊരു ബന്ധവുമില്ലാത്തവരായിരുന്നു.

ചോദ്യാവലി പൂരിപ്പിച്ച് അയച്ചുതന്ന 246 പേരിൽ 112 പേരും ഈ പഠനം നടത്തിയ സന്ദർഭത്തിൽ കാലിവളർത്തലിൽ ഏർപ്പെട്ടിരുന്നില്ല. ഇവരിൽ 67 പേർ കാലിവളർത്തൽ ആരംഭിക്കാതിരുന്നത് സാമ്പത്തികബുദ്ധിമുട്ടു കാരണമാണ്. 25 പേർക്ക് സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് ഈ തൊഴിലിൽ ഏർപ്പെടുന്നതിന് പ്രതിബന്ധമായി നിൽക്കുന്നത്. 12 പേർ ഇതര കാര്യങ്ങളിൽ വ്യാപൃതരായിരുന്നതുകൊണ്ടും 8 പേർ കാലിവളർത്തൽ ആദായകരമല്ല എന്ന അഭിപ്രായമുള്ളവരായിരുന്നതുകൊണ്ടും ഈ തൊഴിലിൽ ഏർപ്പെട്ടില്ല.

സാമ്പത്തികമായും സാങ്കേതികമായും നല്ല മുതൽ മുടക്ക് നടത്തി ക്രമീകരിക്കുന്ന ഈ പരിശീലനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ അതൊരു നഷ്ടമായിരിക്കും. പ്രത്യുല്പാദനപരമല്ലാത്ത ഒരു മുതൽ മുടക്കായി അത് പരിണമിക്കുന്നതാണ്. മാത്രവുമല്ല, പരിശീലനം നേടിയവർ തൊഴിൽ രഹിതരായി തുടരുന്നത് അവരിൽ നിരാശാബോധവും നിരുത്സാഹവും ഉളവാക്കും. പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്താനാവാത്ത പരിശീലന പരിപാടിയിൽ ജനങ്ങൾക്കു താല്പര്യം കാണുകയില്ല. ഈ സ്ഥിതിവിശേഷം പൊതുജനങ്ങളിൽ നിസ്സഹകരണമനോഭാവം ഉളവാക്കുന്നതുമാണ്. അതുകൊണ്ട് ഈ പരിശീലന പരിപാടി ഒരു സാധാരണ നടപടിയായി പരിണമിക്കാതെ പൊതുജനപങ്കാളിത്തവും പങ്കാളികളുടെ പ്രോത്സാഹനവും ലഭിക്കുന്ന ഉല്പാദനക്ഷമതയുള്ള ഒരു നിർമ്മാണാത്മകമായിത്തീരുന്നതിന് ആവശ്യമായ രൂപവും ഭാവവും നൽകി ചിട്ടപ്പെടുത്തേണ്ടതാണ്. അതിന് ഈ പഠനത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

മേല്പറഞ്ഞ വിവരങ്ങൾ കാണിക്കുന്ന പടിക ചുവടെ ചേർക്കുന്നു.

## പരിശീലനം നേടിയവരുടെ തൊഴിൽബന്ധ നില

| പരിശീലനം നേടുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ | | | | | | പരിശീലനത്തിനുശേഷം കാലിവളർത്തൽ ആരംഭിക്കാത്തവരും അതിനുള്ള കാരണങ്ങളും | | | | |
|---|---|---|---|---|---|---|---|---|---|---|
| ശാസ്ത്രീയ കാലിവളർത്തലിനെ സംബന്ധിച്ച് അറിവ് നേടുന്നതിന് | ജോലി സമ്പാദനത്തിന് | മറ്റു തൊഴിലൊന്നും ഇല്ലാത്തതുകൊണ്ട് | സാമ്പത്തിക പിന്നോക്കാവസ്ഥ | ആകെ | കാലിവളർത്തൽ തൊഴിലായി സ്വീകരിപ്പാൻ ആഗ്രഹിക്കുന്നവർ | സാമ്പത്തിക ബുദ്ധിമുട്ട് | സാഹചര്യങ്ങളുടെ അപര്യാപ്തത | മറ്റു കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ട് | കാലിവളർത്തൽ ആദായകരമല്ലാത്തതുകൊണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 137 | 70 | 37 | 2 | 246 | 180 | 67 | 25 | 12 | 8 | 112 |

<u>പരിശീലനം ലഭിച്ചവരുടെ കുടുംബപശ്ചാത്തലം</u>

246 കുടുംബങ്ങളിൽ 181 ലും കാലിവളർത്തുന്നുണ്ടായിരുന്നെങ്കിലും 92 കുടുംബങ്ങളിൽമാത്രമെ ഇത് മുഖ്യതൊഴിലായി സ്വീകരിച്ചിരുന്നുള്ളു. മറ്റു കുടുംബങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരിൽ കന്നുകാലിവളർത്തലിനുള്ള അഭിമുഖ്യവും ആവേശവും ഈ പരിശീലനംകൊണ്ട് ഉളവാക്കേണ്ടതായി വരുന്നുണ്ട്. എന്നാൽ ഈ പരിശീലനം വ്യക്തികളിൽ കാലിവളർത്തലിലുള്ള താല്പര്യം ഉളവാക്കുന്നതിലുപരി ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ അതിൽ കൂടുതൽ പ്രബുദ്ധരാക്കുന്നതിനാണ് ഉതകുന്നത്. കാലിവളർത്തൽ കുടുംബപശ്ചാത്തലമായിട്ടുള്ളവരെമാത്രം പരിശീലനത്തിന് തെരഞ്ഞെടുത്തിരുന്നുവെങ്കിൽ ഈ പോരായ്മ സംഭവിക്കുകയില്ലായിരുന്നു. എന്നാൽ ഇത് ഈ പരിശീലന പരിപാടിയുടെ ന്യൂനതയാണെന്ന് പറയുന്നത് ശരിയായിരിക്കുകയില്ല. പ്രത്യുത പരിശീലനത്തിനുവേണ്ടി ആളുകളെ തെരഞ്ഞെടുത്ത രീതിയുടെ പോരായ്മയാണ്. മറ്റ് തൊഴിലൊന്നും ഇല്ലാത്തതുകൊണ്ട് ഈ പരിശീലനത്തിന് ചേർന്നതെന്ന് 37 പേർ പ്രസ്താവിച്ചിട്ടുണ്ട്. ഇങ്ങനെയുള്ളവരിൽ ഈ തൊഴിലിനോടുള്ള അഭിമുഖ്യവും പ്രതിപത്തിയും പരിശീലനംകൊണ്ട് ഉളവാക്കി എടുക്കുക എന്നുള്ളത് പരിശീലനത്തിന്റെ ലക്ഷ്യമായിരിക്കേണ്ടതാണ്.

<u>പരിശീലനം നേടിയവരുടെ കുടുംബ പശ്ചാത്തലം</u>

| കാലിവളർത്തൽ കുടുംബത്തിന്റെ മുഖ്യ തൊഴിലായിട്ടുള്ളവർ | മറ്റു കുടുംബതൊഴിലുള്ളവർ | | | മറ്റു സ്ഥാപനങ്ങളിലെ ജോലി | സ്വന്തമായ തൊഴിൽ | പ്രത്യേക തൊഴിൽ ഒന്നും ഇല്ല | ആകെ |
|---|---|---|---|---|---|---|---|
| | കൃഷി | കൂലിപ്പണി | സർക്കാർ ഉദ്യോഗം | | | | |
| 92 | 103 | 21 | 7 | 1 | 14 | 8 | 246 |
| 37.4% | 41.9% | 8.5% | 2.9% | 0.4% | 5.7% | 3.2% | 100.00 |

<u>പാൽവിപണനം, അതിന്റെ ബുദ്ധിമുട്ടുകളും പരിഹാരങ്ങളും</u>

പാൽ വിപണനരംഗത്ത് അനുഭവപ്പെടുന്ന വിവിധ പ്രശ്നങ്ങൾ പാൽ ഉല്പാദനത്തെ പ്രത്യേകിച്ചും കാലിവളർത്തലിനെ മൊത്തമായും ബാധിച്ചിരിക്കുന്നതായിട്ടാണ് കാണുന്നത്. ഏതാനും പേരെങ്കിലും കാലിവളർത്തലിൽ ഏർപ്പെടാൻ വിമുഖത കാണിക്കുന്നത് പാൽ വിതരണരംഗത്തുള്ള വൈഷമ്യങ്ങൾ കാരണമാണ്. പഠനം നടത്തിയവരിൽ 33 പേർ പാൽ വിപണനരംഗത്ത് വിവിധങ്ങളായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവരിൽ 19 പേരുടെ പരാതി പാലിന് ന്യായമായ വില ലഭിക്കുന്നില്ലെന്നുള്ളതാണ്. വിപണന സൗകര്യക്കുറവാണ് 11 പേർ ചൂണ്ടിക്കാണിക്കുന്നത്. ഉല്പാദിപ്പിക്കുന്ന പാലിനുവേണ്ടുവോളം ചെലവില്ലെന്ന് 3 പേർ പരാതിപ്പെടുന്നു.

വിപണനരംഗത്തെ ഈ പ്രശ്നങ്ങൾക്ക് ചില പരിഹാരമാർഗ്ഗങ്ങൾ ഇവർ നിർദ്ദേശിച്ചിട്ടുണ്ട്. പാൽ ഉല്പാദകരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് കർഷകർക്ക് അനായാസം പാൽ എത്തിച്ചുകൊടുക്കാൻ പറ്റിയ ദൂരത്തിൽ പാൽ സംഭരണഡിപ്പോകൾ സ്ഥാപിക്കുക, ആകർഷകമായ ലാഭം ലഭിക്കത്തക്കവണ്ണം പാലിന്റെ വിപണനവില നിശ്ചയിക്കുക,

പാലിന്റെ ഉപഭോഗം ഗണ്യമായി വർദ്ധിക്കത്തക്കവണ്ണം പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്നിവയാണ് ഈ നിർദ്ദേശങ്ങളിൽ ചിലത്.

<u>പാൽ വിപണനരംഗത്തെ ബുദ്ധിമുട്ടുകളും നിർദ്ദേശങ്ങളും</u>

| പാൽ വിപണന രംഗത്ത് ബുദ്ധിമുട്ട് ഉണ്ടെന്ന് അഭിപ്രായപ്പെട്ടവർ | വിപണനരംഗത്തെ ബുദ്ധിമുട്ടുകൾ | | | പരിഹാര നിർദ്ദേശങ്ങൾ | | |
|---|---|---|---|---|---|---|
| | പാലിന് ന്യായവില ലഭിക്കുന്നില്ല | ശരിയായ വിപണന സൗകര്യം ഇല്ല | പാലിന്റെ ഉപഭോഗം വർദ്ധിക്കുന്നില്ല | സഹകരണ സംഘങ്ങൾ രൂപീകരിക്കുക | ന്യായവില സുനിശ്ചിതമാക്കുക | ഉപഭോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക |
| 33 | 19 | 11 | 3 | 23 | 4 | 1 |

<u>പരിശീലനം എങ്ങനെ പ്രാവർത്തികവും പ്രയോജനകരവുമാക്കിത്തീർക്കാം?</u>

ക്ഷീരോല്പാദന വർദ്ധനവിന്, കാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകിയതുകൊണ്ട്മാത്രം ആയില്ല, പ്രസ്തുത പരിശീലനം നേടിയവർക്ക് തൊഴിൽ ആരംഭിക്കുന്നതിനും മെച്ചമായ രീതിയിൽ തൊഴിൽ ചെയ്യുന്നതിനും ആവശ്യമായ സഹായങ്ങളും പ്രോൽസാഹനങ്ങളും നൽകേണ്ടതാണ്. പരിശീലനം നേടിയവരിൽ 190 പേർ ഈ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവർ സർക്കാരിനിന്നോ സഹകരണസ്ഥാപനങ്ങളിൽനിന്നോ മറ്റു സാംപത്തിക സ്ഥാപനങ്ങളിൽനിന്നോ സഹായങ്ങൾ ലഭിക്കണമെന്ന താല്പര്യം ഉള്ളവരാണ്. തൊഴിലധിഷ്ടിതമായ ഈ പരിശീലന പരിപാടിക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനൊപ്പമൊ അതിൽ കൂടുതലോ ആയ പ്രാധാന്യമാണ് പ്രസ്തുത തൊഴിൽ ആരംഭിക്കുന്നതിനോ തുടർന്ന് നടത്തുന്നതിനോ നൽകേണ്ട ഇതര സഹായ പരിപാടികൾക്കുള്ളത്. പരിശീലനം ലഭിച്ചവരുടെ കഴിവുകളെ പൂർണ്ണമായി ചൂഷണം ചെയ്തെങ്കിൽ മാത്രമെ പരിപാടിയുടെ മുഴുവൻ പ്രയോജനവും നേടിയെടുക്കുന്നതിന് സാധിക്കുകയുള്ളു. അല്ലാത്തപക്ഷം പരിപാടിയുടെതല്ലാത്ത കുറ്റംകൊണ്ട് അത് പരാജയമാണ്, പ്രയോജനകരമല്ല എന്ന് വിധിയെഴുതപ്പെടും. അതുകൊണ്ട് അനുബന്ധസഹായങ്ങൾ എന്തെല്ലാമാണെന്നും അത് എങ്ങനെ ആവശ്യക്കാർക്ക് അനായാസമായും പ്രയോജനപ്രദമായും ലഭ്യമാക്കാമെന്നും മനസ്സിലാക്കിവേണ്ടത് ചെയ്യേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണ്.

ഈ പഠനത്തിന് വിധേയരായവരുടെ സഹായാഭ്യർത്ഥനകൾ താഴെ പറയുന്നവയാണ്.

1. <u>സാംപത്തിക സഹായം</u>

വിവിധ സഹായങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളവരിൽ 94% പേരും സാംപത്തികസഹായമാണ് പ്രതീക്ഷിക്കുന്നത്. ലഭിച്ചതായ പരിശീലനം പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിന് സാംപത്തികസഹായം അനുപേക്ഷണീയമായ ഘടകംതന്നെയാണ്. ബഹുഭൂരിപക്ഷം പേർക്കും വേണ്ടത് സാംപത്തികസഹായമാണെന്നുള്ളതുകൊണ്ട് അതിന്റെ പ്രാധാന്യവും ആവശ്യകതയും എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാം. ബാങ്കുകൾ, ഗവൺമെന്റിന്റെ വിവിധ ധനസഹായ പരിപാടികൾ, സർവീസ് സഹകരണസംഘങ്ങൾ, പാൽ വിപണന സഹകരണസംഘങ്ങൾ എന്നിവയാണ്

പ്രധാനമായും ഈ രംഗത്ത് സഹായം എത്തിച്ചുകൊടുക്കുന്ന സാമ്പത്തിക സ്ഥാപനങ്ങൾ. ഇവിടങ്ങളിൽനിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളെക്കുറിച്ചും അതിനുവേണ്ടി വരുന്ന നടപടിക്രമങ്ങളെക്കുറിച്ചും വിവിധങ്ങളായ അഭിപ്രായങ്ങൾ അവർ പ്രകടിപ്പിച്ചിട്ടുണ്ട്. ആവശ്യങ്ങൾക്ക് മുഴുവനും മതിയാകാത്ത വിധത്തിൽ തുഛമായ തുകകൾ അനുവദിക്കുക, അവ ലഭ്യമാക്കുന്നതിന് കാലതാമസം ഉളവാക്കുന്ന നടപടിക്രമങ്ങൾ നിർദ്ദേശിക്കുക, അധികൃതരുടെ നിരുൽസാഹപ്പെടുത്തുന്ന സമീപനരീതികൾ എന്നിവയാണ് വായ്പകൾ അനുവദിക്കുന്നതിലുള്ള വൈകല്യങ്ങളായി മിക്കവരും ചൂണ്ടിക്കാണിക്കുന്നത്. കാലി കർഷകന് തക്കസമയത്ത് പൂർണ്ണമായി പ്രയോജനപ്പെടുന്ന വിധത്തിൽ അനായാസമായി ലഭിക്കത്തക്ക ഉദാരമായ നടപടിക്രമങ്ങൾ ആയിരിക്കണം ഓരോ സാമ്പത്തിക സ്ഥാപനത്തിനും ഉള്ളത്. നീണ്ട നടപടിക്രമങ്ങൾക്കുശേഷം അനവസരത്തിൽ അനുവദിക്കുന്ന മതിയാകാത്ത സാമ്പത്തിക സഹായം കർഷകന് സഹായത്തിനു പകരം കൂടുതൽ വൈഷമ്യങ്ങളാണ് ഉളവാക്കുന്നത്. സ്വന്ത ജാമ്യത്തിൽ വായ്പകൾ ലഭ്യമാക്കുക എന്നത് സാമ്പത്തികസഹായം ആഗ്രഹിക്കുന്ന എല്ലാവരും ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. സാമ്പത്തികസഹായം ആഗ്രഹിക്കുന്നവർ 178 പേർ ഉണ്ടെന്നു വരികിലും 10 പേർക്ക് മാത്രമാണ് ഏതെങ്കിലും സ്ഥാപനത്തിൽനിന്നും സാമ്പത്തിക സഹായം ഇതുവരെ ലഭിച്ചിട്ടുള്ളത്. വായ്പകൾ അനുവദിച്ചു കിട്ടുന്നതിൽ നേരിടേണ്ടി വരുന്ന മേല്പറഞ്ഞ ബുദ്ധിമുട്ടുകളാണ്. ഇത്രയേറെ ആളുകളെ ആ യത്നത്തിൽനിന്നും പിന്തിരിക്കുന്നത് ഇവരിൽ 7 പേർക്കും ലഭിച്ച തുക അവരുടെ ആവശ്യങ്ങൾക്കു മതിയായിരുന്നില്ല എന്ന അഭിപ്രായമാണുള്ളത്. 10 പേരിൽ 5 പേർ ബാങ്കുകളിൽനിന്നും 3 പേർ ഐ.ആർ.ഡി.പി.യിൽനിന്നും 2 പേർ സഹകരണസ്ഥാപനങ്ങളിൽനിന്നുമാണ് വായ്പ എടുത്തിട്ടുള്ളത്. ഉദാരമായ വ്യവസ്ഥകളോടുകൂടി, ആവശ്യപ്പെടുന്നവർക്കെല്ലാം അവരവരുടെ ആവശ്യങ്ങൾക്ക് മതിയാവുന്ന തുകകൾ ചുവപ്പു നാടയുടെയും മറ്റും നൂലാമാലകൾ കൂടാതെ അനായാസമായി ലഭ്യമാക്കിത്തീർത്താൽ പരിശീലനം നേടിയ എല്ലാവർക്കും കാലവിളംബം കൂടാതെ ഈ തൊഴിലിൽ ഏർപ്പെടുന്നതിനു സാധിക്കും. വർദ്ധമാനമായ പൊതുജനസഹകരണം ലഭ്യമാക്കുന്നതിനും കൂടുതൽ ആളുകളെ ഈ പരിശീലന പരിപാടിയിലേയ്ക്ക് ആകർഷിക്കുന്നതിനും അത് സഹായിക്കുകയും ചെയ്യും. അങ്ങനെ ഈ പരിപാടിയുടെ പ്രഖ്യാപിതലക്ഷ്യം - തൊഴിലവസരം വർദ്ധിപ്പിച്ച് ക്ഷീരോല്പാദനം ഗണ്യമായി ഉയർത്തുക എന്നത്- അനായാസം കൈവരിക്കുന്നതിന് സാധിക്കും.

2. ഇതര സഹായങ്ങൾ

പരിശീലനം ലഭിച്ചവർ സാമ്പത്തികസഹായം മാത്രമല്ല ആവശ്യപ്പെടുന്നത്. ഈ തൊഴിൽ താല്പര്യത്തോടുകൂടി ചെയ്ത്, ആദായകരമായ രീതിയിൽ മുൻപോട്ടു കൊണ്ടുപോകണമെങ്കിൽ മറ്റു പല സഹായങ്ങളും അവർ സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു. അതിൽ പ്രധാനപ്പെട്ടത് കാലിത്തീറ്റയുടെ കാര്യമാണ്. മിക്കവാറും എല്ലാ ഇനം കാലിത്തീറ്റകളുടെയും വില വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ പാലുല്പാദനം ലാഭകരമാക്കുക എന്നത് ദുഷ്കരമായ കാര്യംതന്നെയാണ്. പാലിന് കേരളീയരുടെ ഭക്ഷണക്രമത്തിൽ ഒഴിവാക്കാനാവാത്ത സ്ഥാനം ഉള്ള ഇന്നത്തെ സാഹചര്യത്തിൽ കാലിത്തീറ്റയുടെ വില വർദ്ധനവിനനുസരിച്ച് പാലിന്റെ വിലയിൽ വർദ്ധനവ് വരുത്താൻ സാധിക്കുകയില്ല. അപ്പോൾ പാലുല്പാദനം ലാഭകരമാക്കണമെങ്കിൽ സബ്സിഡി നൽകി കാലിത്തീറ്റ വിതരണം നടത്തിയാലെ പറ്റു. സ്റ്റാൻഡേർഡ് കമ്പനികൾ ഉല്പാദിപ്പിക്കുന്ന പോഷകമൂല്യമുള്ള കാലിത്തീറ്റ സബ്സിഡി റേറ്റിൽ കാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വിതരണം

ചെയ്യേണ്ടത് അടിയന്തിര ആവശ്യമാണെന്നാണ് പരിശീലനം ലഭിച്ച 14 പേർ അഭിപ്രായപ്പെടുന്നത്.

പോഷക ഗുണമുള്ള കാലിത്തീറ്റപ്പുല്ല് സ്വയം കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്നതിനും വിവിധ രൂപത്തിലുള്ള സഹായങ്ങൾ വേണമെന്നാണ് 12 പേർ ഉന്നയിക്കുന്ന മറ്റൊരു നിർദ്ദേശം. മെച്ചപ്പെട്ടയിനം പുൽവിത്തുകൾ വിതരണം ചെയ്തിട്ട് അവ കൃഷി ചെയ്ത് തീറ്റ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ തക്ക സമയത്ത് കർഷകർക്ക് ലഭ്യമാകണം. അത് കാലിത്തീറ്റകൾക്കുവേണ്ടിവരുന്ന ചിലവ് ഒരളവോളം കുറച്ച് കാലികളുടെ ആരോഗ്യം വർദ്ധിപ്പിച്ച് പാലുല്പാദനം മെച്ചപ്പെടുത്തുന്നതിന് ഉതകും എന്നാണ് അവർ വ്യക്തമാക്കുന്നത്.

കാലികളുടെ ശാസ്ത്രീയ പരിപാലനം സംബന്ധിച്ച് പരിശീലന സമയത്ത് ലഭിച്ചിട്ടുള്ള അറിവിന് ഉപരി, പ്രായോഗികമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും യഥാസമയം പ്രവർത്തനരംഗത്ത് ലഭ്യമാകത്തക്ക ക്രമീകരണങ്ങൾ ഉണ്ടായിരിക്കണമെന്നാണ് മറ്റു ചിലരുടെ ആവശ്യം. സാധാരണ സർക്കാർ കാര്യങ്ങളിൽ ഇന്നു കണ്ടുവരുന്ന ഉദ്യോഗസ്ഥപ്രമാണിത്വവും കാലതാമസം ഉളവാക്കുന്ന മറ്റു നടപടിക്രമങ്ങളും ഇവിടെ കടന്നുകൂടുവാൻ അനുവദിക്കരുത്. കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടൻതന്നെ പരിഹാരങ്ങൾ കണ്ടെത്തി വേണ്ട പ്രോൽസാഹനം നൽകി അവരെ മുന്നോട്ട് നയിക്കുന്നതിന് ഇതുമൂലം സാധിക്കും. പരിശീലനം നൽകിയവരിൽ 11 പേർ ഈ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്.

ശരിയായ വൈദ്യസഹായം കാലികൾക്ക് തക്ക സമയത്ത് ലഭ്യമാകുക, ഉല്പാദിപ്പിക്കുന്ന പാൽ അനായാസം വിപണനം നടത്തുന്നതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക, കാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾ നൽകുക എന്നീ നിർദ്ദേശങ്ങളും പരിശീലനം ലഭിച്ചവർ നൽകുന്നുണ്ട്.

സഹായസംരംഭങ്ങൾ - അവയുടെ സ്വഭാവവും ലഭ്യമാകുന്നതിലുള്ള ബുദ്ധിമുട്ടുകളും

. . . . . . .

| | സഹായത്തിന്റെ സ്വഭാവം | | | | | | | സാമ്പത്തികസഹായം നൽകിയ സ്ഥാപനങ്ങൾ | | | | വായ്പകൾ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഏതെങ്കിലും സഹായം ലഭിച്ചിട്ടുള്ളവർ | സാമ്പത്തിക സഹായം | കാലിത്തീറ്റയ്ക്കുള്ള സബ്സിഡി | പുൽകൃഷിയ്ക്കുള്ള സഹായം | ശാസ്ത്രീയപരിപാലനത്തിനുള്ള സഹായം | പാൽ വിപണന സൗകര്യം | കന്നുകാലി ഇൻഷ്വറൻസ് | ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സഹായം | ബാങ്കുകൾ | ഐ.ആർ.ഡി.പി. | സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് | പാൽ വിപണന സഹകരണ സംഘങ്ങൾ | വായ്പ ലഭിച്ച തുക മതിയാകാത്തവർ | സങ്കീർണ്ണമായ ബാങ്ക് വ്യവസ്ഥകൾ | പലതവണ പല കാരണങ്ങൾക്കുള്ള കാലതാമസം | ബാങ്ക് അധികൃതരുടെ താല്പര്യമില്ലാത്ത സമീപനം | സമയത്ത് വായ്പ ലഭിക്കായ്ക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 190 | 178 | 14 | 12 | 11 | 4 | 2 | 1 | 5 | 3 | 1 | 1 | 7 | 4 | 3 | 1 | 1 |

## പരിശീലന പരിപാടി - അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, ഒരു വിലയിരുത്തൽ

ഈ പഠനം നടത്തുമ്പോൾ കാലിവളർത്തലിൽ ഏർപ്പെട്ടിരുന്ന 134 പേരിൽ 129 പേരുടെയും അഭിപ്രായം ഈ പരിശീലനം ശാസ്ത്രീയ കാലിവളർത്തലിന് വളരെ സഹായകരമാണെന്നാണ്. അതായത് 96% പേരും ഈ പരിശീലനപരിപാടിയെ സംബന്ധിച്ച് അനുകൂലഅഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. എന്നാൽ പരിശീലനം കൂടുതൽ പ്രസക്തവും പ്രയോജനകരവും ആക്കുന്നതിന് അതിൻെറ നടത്തിപ്പിലും പരിശീലന വിഷയങ്ങളിലും ചില്ലറ മാറ്റങ്ങൾ വരുത്തണമെന്നാണ് ഭൂരിപക്ഷംപേരും അഭിപ്രായപ്പെടുന്നത്.

സാമാന്യരോഗപ്രതിരോധ നടപടികളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കേണ്ടതുണ്ടെന്ന് 31 പേരും പോഷകഗുണമുള്ള കാലിത്തീറ്റ സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനും പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്നതിനും കുറെക്കൂടി വിപുലമായ പ്രായോഗികപരിശീലനം ലഭിക്കേണ്ടതായിട്ടുണ്ടെന്ന് 13 പേരും അഭിപ്രായപ്പെട്ടു. കൃത്രിമ ബീജസങ്കലനം പശുവിൻെറ കറവ, കന്നുകുട്ടികളുടെ ശരിയായ സംരക്ഷണം എന്നീ വിഷയങ്ങളിൽ കുറെക്കൂടി മെച്ചമായ അറിവ് ലഭിക്കത്തക്കവണ്ണം പരിശീലന പരിപാടി പുനരാവിഷ്കരണം ചെയ്യണമെന്ന് മറ്റു ചിലർ ചൂണ്ടിക്കാണിക്കുന്നു. സഹകരണാടിസ്ഥാനത്തിലുള്ള കാലിവളർത്തലിൻെറ വിവിധ വശങ്ങളെ സംബന്ധിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ടെന്നും അവർ പറയുന്നു. കൂടാതെ ബയോഗ്യാസ് നിർമ്മാണം, സൈലേജ് നിർമ്മാണം എന്നീ വിഷയങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് അവർ നിർദ്ദേശിക്കുന്നു. മേല്പറഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്ത് തദനുസരണമായ മാറ്റങ്ങൾ പാഠ്യപദ്ധതിയിലും പരിശീലന നടത്തിപ്പിലും വരുത്തിയാൽ ഇത് കൂടുതൽ പ്രയോജനമുള്ളതും പൊതുജനപിന്തുണയുള്ളതുമായ ഒരു സംരംഭമാക്കി മാറ്റുന്നതിനും അങ്ങനെ ഈ പരിപാടിയുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ സുനിശ്ചിതം കൈവരിക്കുന്നതിനും സാധിക്കുമെന്ന് അവർ വിശ്വസിക്കുന്നു.

### അനുധാവന യജ്ഞം,

പരിശീലനം പൂർത്തിയാക്കി പോകുന്നവരെക്കുറിച്ച് യാതൊരു അനുധാവന പ്രവർത്തനവും ഇപ്പോൾ നടക്കുന്നില്ലെന്നാണ് ഈ പഠനത്തിന് വിധേയരായവരെല്ലാം ചൂണ്ടിക്കാണിക്കുന്നത്. ഇത് അഭിലഷണീയമായ കാര്യം അല്ല.. പരിശീലനം നൽകിക്കഴിഞ്ഞാൽ തങ്ങളുടെ ചുമതല കഴിഞ്ഞു എന്ന രീതിയ്ക്ക് മാറ്റം വരുത്തേണ്ടതാണ്. പരിശീലനം കഴിഞ്ഞ് അവർ എന്തു ചെയ്യുന്നു എന്നോ എന്തുകൊണ്ടാണ് കാലിവളർത്തൽ ആരംഭിക്കാത്തതെന്നോ യാതൊരു അന്വേഷണവും നടത്താനുള്ള സംവിധാനം ഈ പദ്ധതിയിലില്ല. കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കി അവർക്ക് അപ്പോഴപ്പോൾ വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങളും പ്രശ്ന പരിഹാരങ്ങളും നിർദ്ദേശിക്കാതിരുന്നാൽ അവർ ഈ രംഗത്തുണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾ അഭിമുഖീകരിക്കാനാവാതെ പിൻതള്ളപ്പെടുകയേ ഉള്ളൂ. കാലി കർഷകൻെറ സുഹൃത്തും അഭ്യുദയകാംക്ഷിയുമായി വകുപ്പ് വിദഗ്ദ്ധർ അവരോടൊപ്പം ഉണ്ടെങ്കിൽ മാത്രമേ ആത്മവിശ്വാസത്തോടും ഉത്സാഹത്തോടുംകൂടി അവർ ഈ തൊഴിലിൽ വ്യാപൃതരാവുകയുള്ളൂ. ഇപ്പോൾ ഇത്തരത്തിലുള്ള പ്രവർത്തനം തീരെ നടക്കുന്നില്ലെന്നുള്ളതാണ് സത്യം.

പരിശീലനകേന്ദ്രങ്ങളിൽ പരിശീലനം നൽകിയവർതന്നെ ഫീൽഡിൽ പോയി അനുധാവനപ്രവർത്തനങ്ങൾ നിർവഹിച്ചാൽ അത് കൂടുതൽ ഫലപ്രദമായിരിക്കും. പരിശീലനകേന്ദ്രങ്ങളിൽവച്ച ഉളവായ സ്നേഹബന്ധങ്ങളും പരസ്പരവിശ്വാസവും അനുധാവന പ്രവർത്തനങ്ങൾ കൂടുതൽ വ്യക്തിപരമായ സ്വാധീനത്തോടുകൂടി നിർവഹിക്കുന്നതിന് പ്രയോജനപ്പെടുകതന്നെ ചെയ്യും. എന്നാൽ നിലവിലുള്ള പരിശീലന പരിപാടിയിൽ അതിനുള്ള ക്രമീകരണങ്ങൾ ഇല്ല. ഇത് ഈ പരിപാടിയുടെ ഒരു പോരായ്മയാണ്.

ഈ പഠനം തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികളുടെ ഭാഗമായി പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ചപ്പോൾ അവിടുത്തെ മേധാവികളും പരിശീലനകരുംതന്നെ ഈ വൈകല്യം ചൂണ്ടിക്കാണിച്ചിരുന്നു. തങ്ങൾ പരിശീലനം നൽകിയ വ്യക്തികളെ സന്ദർശിച്ച് വേണ്ടുന്ന അനുധാവനപ്രവർത്തനങ്ങൾ നടത്തുന്നതിന് തയ്യാറാണെന്ന് അവരിൽ ചിലർ അറിയിച്ചിരുന്നു. എന്നാൽ നിലവിലുള്ള നടപടിക്രമങ്ങൾ അതിന് അനുവദിക്കുന്നില്ലെന്ന് അവർ ചൂണ്ടിക്കാണിച്ചിരുന്നു. ഇത്തരം അനുധാവനപ്രവർത്തനങ്ങൾ ഈ പരിശീലന പരിപാടിയുടെ പൂർണ്ണവിജയത്തിന് അനുപേക്ഷണീയമാണെന്നാണ് അവരുടെ അഭിപ്രായം.

<u>പരിശീലനം – ഒരു അവലോകനം</u>

പഠനം നടത്തിയ 246 പേരിൽ 235 പേരും (95.5%) ഈ പരിശീലന പരിപാടി വളരെ പ്രയോജനകരമാണെന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചത്. കിലവളർത്തലിന്റെ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചു എന്നാണ് അവരിൽ കൂടുതൽ ആളുകളും – 80 പേർ അഭിപ്രായപ്പെട്ടിരിക്കുന്നത്. തൊഴിൽ രഹിതരായവർക്ക് സ്വയമായി ഈ തൊഴിൽ ചെയ്ത് ഉപജീവനം കണ്ടെത്താൻ ഈ പരിശീലനം ഉപകരിക്കുമെന്നാണ് 37 പേർ അഭിപ്രായപ്പെട്ടിട്ടുള്ളത്. തൊഴിൽ രാഹിത്യം വീർപ്പുമുട്ടിക്കുന്ന ഒരു പ്രശ്നമായിത്തീർന്നിരിക്കുന്ന ഈ സമൂഹത്തിൽ അതിന്റെ തീവ്രത അല്പമെങ്കിലും ഒന്ന് ശമിപ്പിക്കുന്നതിന് ഉതകുന്ന ഒന്നാക്കി ഈ പരിശീലന പരിപാടിയെ പ്രയോജനപ്പെടുത്താവുന്നതാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ ആരായുന്നവർ പൊതുജന സഹകരണം ലഭിക്കാവുന്ന ഈ പരിശീലന പരിപാടിയെക്കുറിച്ച് കാര്യമായി ചിന്തിക്കേണ്ടതാണ്. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സമയവും സൗകര്യവും അനുസരിച്ച് കാലിവളർ ആദായകരമായ ഒരു ഉപതൊഴിലായി സ്വീകരിപ്പാൻ ഈ പരിശീലനം ഉപകരിക്കുമെന്ന് അഭിപ്രായമുള്ളവരുമുണ്ട്. കൂടാതെ യഥാർത്ഥത്തിൽ അർഹരായിട്ടുള്ളവരെ മാത്രം തെരഞ്ഞെടുത്ത് അവർക്ക് ആധുനിക രീതിയിലുള്ള കാലി വളർത്തലിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് കൂടക്കൂടെ പരിശീലനം നൽകി ഈ രംഗത്ത് താല്പര്യം ഉള്ളവരാക്കി നിലനിർത്തേണ്ടതാണെന്ന് ഏഴുപേർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിൽമാത്രമെ നവീന രീതികളുമായി ഉല്പാദകരെ ബന്ധപ്പെടുത്തുന്നതിനും അപ്രകാരം പ്രഖ്യാപിതലക്ഷ്യമായ ധവളവിപ്ളവത്തിന്റെ പൂർത്തീകരണത്തിനും സാധിക്കുകയുള്ളു.

പാല് ഒരു സമ്പൂർണ്ണ ആഹാരമാണ്. പോഷകമൂല്യമുള്ള ആഹാരത്തിന്റെ അപര്യാപ്തത കാരണം വിവിധ രോഗങ്ങളുടെ അതിപ്രസരമുള്ള നമ്മുടെ രാജ്യത്ത് പാലിന്റെ ഉല്പാദനത്തിനും ഉപഭോഗത്തിനുമുള്ള പ്രാധാന്യം വളരെ വലുതാണ്. ജനതയുടെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് പാലിന്റെ ഉല്പാദനവും വിപണനവും ഒരു ആരോഗ്യസംരക്ഷണപ്രവർത്തനംതന്നെയാണ്. ലോകത്തിൽ പാല് ഉല്പാദനത്തിൽ മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ എല്ലാംതന്നെ സമ്പൽസമൃദ്ധമാണ്. അവിടങ്ങളിലെ ആളോഹരിവരുമാനം

വളരെ ഉയർന്നതും തൊഴിലില്ലായ്മ താരതമ്യേന കുറവുമാണ്. തന്നെയുമല്ല മെച്ചപ്പെട്ട ആരോഗ്യനിലവാരം പുലർത്തുന്നവരാണ് അവിടത്തെ സാമാന്യജനങ്ങൾ പോലും.

രാജ്യത്തിന്റെ ആകമാനമായ വളർച്ചയിൽ മർമ്മ പ്രധാനമായ പങ്കു വഹിക്കുന്ന പാൽ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകന്റെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുകയാണ്. ഈ പ്രശ്നങ്ങളുടെ പരിഹാരം കണക്കിലെടുത്ത് പരിശീലന പരിപാടിയിൽ ചില വ്യവസ്ഥകളും മാറ്റങ്ങളും വരുത്തിയാൽ " നമ്മുടെ സമ്പദ്ഘടനയ്ക്കും ആരോഗ്യനിലവാരത്തിനും മെച്ചപ്പെട്ട സംഭാവനകൾ നൽകാൻ അത് വഴിതെളിയ്ക്കുകതന്നെ ചെയ്യും. ഉല്പാദന ചിലവിന് ആനുപാതികമായി പാൽ വില ഉയർത്തുക, ഗുണമൂല്യമുള്ള കാലിതീറ്റ കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക ഉല്പാദനച്ചിലവ് കുറയ്ക്കുന്ന രീതിയിൽ മൃഗചികിത്സ അടക്കമുള്ള ഉല്പാദനോപധികൾ യഥേഷ്ടം ലഭ്യമാക്കുക, ബീജധാനസംവിധാനം കാര്യക്ഷമമാക്കി ഉല്പാദനശേഷിയുള്ള പശുക്കളെ കണ്ടെത്തുക, ആവശ്യങ്ങൾക്ക് പൂർണ്ണമായി ഉപകരിക്കുന്ന വിധത്തിലുള്ള സാമ്പത്തിക സഹായം അനായാസം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നീ അനുധാവന നടപടികളോടുകൂടി ഈ പരിശീലനം ആവശ്യബോധമുള്ള യഥാർത്ഥ കർഷകരിലേക്ക് വ്യാപിപ്പിച്ചാൽ തികച്ചും സുവ്യക്തവും വ്യാപകവുമായ ഫലങ്ങൾ ഉളവാകുകതന്നെ ചെയ്യും.

ധവള വിപ്ലവത്തിന്റെ വെണ്മ നിറഞ്ഞ ചന്ദ്രികയിലും പതിഞ്ഞു കിടക്കുന്ന ഇരുട്ടിന്റെ നുറുങ്ങുകൾപോലെയുള്ള പോരായ്മകൾ ക്ഷീരോല്പാദന വ്യവസായ വികസന രംഗത്തെ കറുത്ത പൊട്ടുകൾതന്നെയാണ്. ദേശീയാടിസ്ഥാനത്തിൽ ആരംഭിച്ചിരിക്കുന്ന "ടെക്നോളജി മിഷൻ" മദ്ധ്യവർത്തികളുടെ നീരാളി പിടിത്തത്തിൽ നിന്നും നമ്മുടെ ഗ്രാമീണ ഉല്പാദകരെ മോചിപ്പിച്ച് അവരുടെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഗതിവേഗത ത്വരിതപ്പെടുത്തുകതന്നെ ചെയ്യും. ആധുനിക സങ്കേതങ്ങളുടെ സൗകര്യങ്ങളുമായി വിജയത്തിലേക്ക് കുതിക്കുന്ന ധവള വിപ്ലവപ്രസ്ഥാനത്തിന് വേണ്ടുന്ന ഊർജ്ജവും ഊർജ്ജസ്വലതയും പകരുന്നതിന് അതിന്റെ അവിഭാജ്യഘടകമായ ഗ്രാമീണകർഷകനെ ആ രംഗത്ത് ബോധവൽക്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമെ പറ്റുകയുള്ളു. മാത്രമല്ല രാജ്യത്ത് നെടുകയും കുറുകയും പാൽ പുഴകൾ ഒഴുക്കാൻ ശ്രമിക്കുന്ന ഗ്രാമീണൻ, താൻ ഉല്പാദിപ്പിക്കുന്ന പാൽ ഒന്നു രുചിച്ച് നോക്കാൻപോലും ഒരുമ്പെടുന്നില്ല എന്ന നഗ്ന സത്യം നാം ഒളിച്ചു വച്ചിട്ട് കാര്യമില്ല. ഭക്ഷണരീതിയിലെ പ്രത്യേകതകൊണ്ടൊന്നുമല്ലിത്. മറിച്ച് അവന്റെ സാമ്പത്തിക ബുദ്ധിമുട്ടാണ് ഇതിനു കാരണം. ഗ്രാമീണകർഷകൻ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഏറിയഭാഗവും നഗരങ്ങളിലെ ഉപഭോക്താക്കളാണ് ആഹരിക്കുന്നത്. പഞ്ചാബിൽ ഒരാൾക്ക് 524 ഗ്രാം പാലും കേരളത്തിൽ 136 ഗ്രാം പാലും ലഭ്യമാണെങ്കിലും ഇവിടങ്ങളിലെ ഉല്പാദകനല്ലാത്ത ഗ്രാമീണന്റെ ഉപഭോഗം 60 ഗ്രാം പാലുപോലുമില്ല. ആരോഗ്യമുള്ള ഉല്പാദകർ ഉല്പാദനപ്രക്രിയയിൽ ഏർപ്പെട്ടെങ്കിൽ മാത്രമെ ഉല്പാദന നിരക്കിന്റെ പൂർണ്ണതയിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളു. സാമ്പത്തിക ഞെരുക്കത്തോടൊപ്പം പാലിന്റെ ഉപഭോഗത്തിലുള്ള പരിജ്ഞാനമില്ലായ്മയിലേക്ക് കൂടിയാണ് ഇത് വിരൽ ചൂണ്ടുന്നത്. ഈ രംഗത്തെ ബോധവൽക്കരണവും ഈ പരിശീലന പരിപാടിയുടെ അവിഭാജ്യഘടകമായിരിക്കണം.

<u>പഠനത്തിലെ കണ്ടെത്തലുകൾ</u>

1. ഗവൺമെൻറ് ലക്ഷ്യമിട്ടിരിക്കുന്ന ധവളവിപ്ളവത്തിലൂടെ തൊഴിലില്ലായ്മ കുറച്ചില്ലെങ്കിലും ലഘൂകരിക്കുന്നതിന് ഈ പരിശീലനം ഉപകരിക്കുമെന്ന് പൊതുവെ അഭിപ്രായപ്പെടുന്നു.

2. സ്വയംതൊഴിൽ കണ്ടെത്തുന്ന ചെറുപ്പക്കാർക്ക് കാലിവളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിക്കുന്നതിന് ഈ പരിശീലനം സഹായകരമാണ്.

3. സ്വാശ്രയബോധത്തോടുകൂടി ആദായകരമായ കാലിവളർത്തലിൽ ഏർപ്പെടുന്നതിന് വേണ്ട രീതിയിൽ ഉല്പാദകനെ സജ്ജമാക്കുന്നതിന് ഈ പരിപാടി പ്രയോജനപ്പെടും.

4. ശാസ്ത്രീയകാലിവളർത്തലിൻെറ വിവിധ വശങ്ങളെ സംബന്ധിച്ച് ഗ്രാമീണ കർഷകനെ ബോധവൽക്കരിക്കുന്നതിന് ഈ പരിശീലനംകൊണ്ട് സാധിക്കും.

5. പരിശീലനം നേടിയ എല്ലാവരും കാലിവളർത്തലിൽ ഏർപ്പെടാത്തത് പരിശീലന പരിപാടിയുടെ വൈകല്യംകൊണ്ടല്ല, പ്രത്യുത അനുബന്ധസഹായ പദ്ധതികളുടെ അഭാവവും പോരായ്മയുംകൊണ്ടാണ്.

6. പരിശീലനം നേടിയവർ എല്ലാവരും കാലിവളർത്തലിൽ ഏർപ്പെടാത്തതുകാരണം സാംപത്തികവും സാങ്കേതികവുമായ നഷ്ടം ഉണ്ടാകുന്നുണ്ട്. അത് ഈ പരിപാടിയുടെ ലക്ഷ്യം നേടുന്നതിന് തടസ്സം സൃഷ്ടിക്കും.

7. പരിശീലനം നൽകിയതുകൊണ്ട് മാത്രമായില്ല, ഉല്പാദകൻെറ അഭ്യുദയകാംക്ഷി, സുഹൃത്ത് എന്നീ നിലകളിൽ ബന്ധപ്പെട്ട വിദഗ്ദ്ധർ വേണ്ടുന്ന സഹായസഹകരണങ്ങൾ ഉൾക്കൊള്ളുന്ന അനുധാവന പ്രവർത്തനങ്ങളുമായി ആയാളോടൊത്ത് ഉണ്ടായിരിക്കണം.

8. കാലിവളർത്തൽ ജീവിത പശ്ചാത്തലമായിട്ടുള്ളവരിൽനിന്നും താല്പര്യം ഉള്ളവരെ കണ്ടെത്തി അവരെ മാത്രമെ പരിശീലനത്തിന് നിയോഗിക്കാവു. അല്ലാത്തപക്ഷം നൽകുന്ന പരിശീലനം പ്രയോജനകരമല്ലാത്തതായിത്തീരുന്നതാണ്.

9. പരിശീലനംകൊണ്ട് ആളുകളിൽ കാലിവളർത്തലിനുള്ള താല്പര്യം സൃഷ്ടിക്കുന്നതിന് സാധിക്കുകയില്ല. പ്രത്യുത താല്പര്യം ഉള്ളവരെ ബോധവൽക്കരിക്കുന്നതിനെ ഉതകുകയുള്ളു.

10. പാൽ വിതരണരംഗത്തെ അസൗകര്യങ്ങൾ ഒഴിവാക്കി പാലിന് ന്യായവില ഉറപ്പുവരുത്തണം.

11. പാലിൻെറ ഉപഭോഗത്തെ സംബന്ധിച്ച് സാമാന്യജനങ്ങളെയും ഗ്രാമീണരേയും ബോധവൽക്കരിക്കണം.

12. തക്കതായ സാംപത്തികസഹായം ഉദാരവ്യവസ്ഥയിൽ ആവശ്യമുള്ള എല്ലാവർക്കും അനായാസം ലഭ്യമാക്കണം.

13. പോഷകമൂല്യമുള്ള കാലിത്തീറ്റ സബ്സിഡി നൽകി യഥാർത്ഥ കർഷകർക്ക് വിതരണം ചെയ്യണം.

14. ഇപ്പോൾ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ കൂടുതൽ പ്രായോഗികപരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണം.

15. സൈലേജ് നിർമ്മാണം, ബയോഗ്യാസ് നിർമ്മാണം എന്നീ വിഷയങ്ങൾ പ
പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

## അനുബന്ധം

## എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

ക്ഷീരവികസന വകുപ്പിൽ നിന്നും ശാസ്ത്രീയകാലിവളർത്തലിൽ പരിശീലനം ലഭിച്ച തൊഴിൽ രഹിതരായ യുവജനങ്ങളെ സംബന്ധിച്ച് നടത്തുന്ന പഠനം.

1. പരിശീലനം നേടിയവരെ സംബന്ധിച്ചുള്ള പൊതുവിവരം

   1. പേര്
   2. മേൽവിലാസം
   3. സ്ത്രീയോ പുരുഷനോ
   4. ഇപ്പോഴത്തെ പ്രായം
   5. മതം, ജാതി
   6. പട്ടികജാതി/പട്ടികവർഗ്ഗം/മറ്റു വിഭാഗം
   7. നേടിയിട്ടുള്ള പൊതുവിദ്യാഭ്യാസം

2. പരിശീലനത്തെ സംബന്ധിച്ച വിവരം

1. പരിശീലനം നേടിയ സ്ഥാപനത്തിന്റെ പേര്, സ്ഥ
2. പരിശീലനം നേടിയ തിയതിയും കാലയളവും
3. ഈ പരിശീലനം നേടുവാൻ നിങ്ങളെ പ്രേരിപ്പിച്ച കാര്യം എന്താണ്
4. പ്രധാനമായി ഏതെല്ലാം വിഷയങ്ങളിലാണ് പരിശീലനം നേടിയത്
   1.
   2.
   3.
   4.
   5.
5. ലഭിച്ച പരിശീലനം ശാസ്ത്രീയമായ കാലി വളർത്തലിന് പ്രയോജനപ്പെടുന്നുണ്ടോ — ഉണ്ട്/ഇല്ല
6. ആദായകരമായ കാലിവളർത്തലിന് മറ്റ് ഏതെങ്കിലും വിഷയങ്ങളിൽ പരിശീലനം ലഭിക്കേണ്ടതുണ്ടോ? — ഉണ്ട്/ഇല്ല
7. ഉണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ്
   1.
   2.
   3.
8. കാലിവളർത്തൽ നിങ്ങളുടെ കുടുംബ സന്ധാരണത്തിനുള്ള മുഖ്യതൊഴിൽ ആണോ — ആണ്/അല്ല
9. അല്ലെങ്കിൽ മറ്റെന്ത് തൊഴിലാണ് ആ തൊഴിൽ സ്വീകരിക്കുന്നതിനുണ്ടായ കാരണം എന്ത്

10. പരിശീലനം നേടിയതിനു മുൻപ് നിങ്ങൾ കാലിവളർത്തലിൽ ഏർപ്പെട്ടിരുന്ന ആളാണോ — ആണ്/അല്ല

11. ഇപ്പോഴും നിങ്ങൾ കാലിവളർത്തലിൽ വ്യാപൃതനാണോ — ആണ്/അല്ല

12. കാലിവളർത്തൽ കൂടുതൽ മെച്ചമായ രീതിയിൽ നടത്താൻ സർക്കാരിൽനിന്നും, നിങ്ങൾ എന്തെങ്കിലും സഹായം ആഗ്രഹിക്കുന്നുണ്ടോ — ഉണ്ട്/ഇല്ല

13. ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നിങ്ങൾക്കു വേണ്ടത്

14. പരിശീലനം ലഭിച്ചിട്ടും കാലിവളർത്തൽ ഇതുവരെ ആരംഭിച്ചില്ലെങ്കിൽ അതിൻെറ കാരണം എന്താണ്

15. കാലിവളർത്തൽ ഒരു തൊഴിലായി സ്വീകരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ — ഉണ്ട്/ഇല്ല

16. ഉണ്ടെങ്കിൽ സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നിങ്ങൾക്കു വേണ്ടത്

17. കാലിവളർത്തലിനായി സർക്കാരിൻെറ വിവിധ സഹായപദ്ധതികൾ അനുസരിച്ച് നിങ്ങൾ കടം എടുത്തിട്ടുണ്ടോ — ഉണ്ട്/ഇല്ല

18. ഉണ്ടെങ്കിൽ ഏതു സ്ഥാപനത്തിൽനിന്നും എത്ര തുക എടുത്തു. അതിൽ പലിശ ഉൾപ്പെടെ എത്ര തുക മടക്കി അടയ്ക്കണം

19. ആ തുക നിങ്ങളുടെ ആവശ്യത്തിന് മതിയായിരുന്നോ? — ആയിരുന്നു/അല്ലായിരുന്നു

20. എടുത്ത തുകയിൽ എത്ര തുക മടക്കിഅടച്ചു

21. ഈ കടം എടുക്കുന്നതിന് നിങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെട്ടോ ഉണ്ടെങ്കിൽ അത് എന്താണ് — ഉണ്ട്/ഇല്ല

22. അത് പരിഹരിക്കുന്നതിന് എന്താണ് നിങ്ങളുടെ നിർദ്ദേശങ്ങൾ

23. ഉല്പാദിപ്പിക്കുന്ന പാല് വിറ്റഴിക്കുന്നതിന് നിങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടോ? ഉണ്ടെങ്കിൽ അവ എന്തെല്ലാം ആണ് — ഉണ്ട്/ഇല്ല

24. അത് പരിഹരിക്കുന്നതിന് നിങ്ങളുടെ നിർദ്ദേശങ്ങൾ എന്തെല്ലാം

25. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഈ പരിശീലനം പ്രയോജനകരമാണോ — ആണ്/അല്ല

26. ശാസ്ത്രീയമായ കാലിവളർത്തലിലും പാല് ഉല്പാദനത്തിലും മെച്ചമായ നേട്ടങ്ങൾ ഉണ്ടാകുന്നതിന് നിങ്ങൾക്കുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം

27. ഈ പരിശീലനത്തെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായങ്ങൾ എന്തെല്ലാം ആണ്

തീയതി:
സ്ഥലം: — പരിശീലനം ലഭിച്ച ആളിൻെറ ഒപ്പ്

203